9 copies.

ILAHIA LAW COLLEGE, MUVATTUPUZHA .

INTERNAL EXAMINATION.

5 YEAR B.A, L L B 4th Semester

MALAYALAM TIME : 1 hour 30 Minutes

MAXIMUM MARKS: 30

## എ- വിഭാഗം

I താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക 5X1= 5 MARKS

ഒരാളുടെ ഹൃദയത്തെ പിടിച്ചുലച്ച വൈകാരികവും വൈചാരികവുമായ ഭാവങ്ങൾ അതേ അളവിലും ശക്തിയിലും മറ്റൊരാളുടെ ഹൃദയത്തിൽ ശബ്ദരൂപമായി പകരുന്നതാണ് കവിത. ഭാരതീയ സാഹിത്യാചാര്യന്മാർ ആസ്വാദനമെന്നുപറയുന്നതും ഇതുതന്നെ. രസാസ്വാദനം സുഗമമാകണമെങ്കിൽ കവിതയിലൂടെ ആവിഷ്കരിക്കുന്ന ഭാവം സഹൃദയന്റെ ഹൃദയത്തെ കീഴടക്കുകയും വേണം. അനുവാചകനും ചില ഗുണങ്ങളൊക്കെ ആവശ്യമാണ്. സഹൃദയൻ,വിദ്വാൻ,രസജ്ഞൻ എന്നെല്ലാം അനുവാചകനെ പറയും. പ്രതിപാദ്യമായി തന്മയീഭവിക്കാനുള്ള കാവ്യ സംസ്ക്കാരം അയാൾക്കുണ്ടാകണം. കവിയുടെ ഹൃദയത്തിനു സമാനമായ ഹൃദയമുള്ളവനെന്നാണ് സഹൃദയ ശബ്ദത്തിനർത്ഥം. ജീവാത്മാവ് സകല പരിമിതിയും വിട്ട് പരമാത്മാവിൽ ലയിക്കുന്നതുപോലെ സഹൃദയൻ എല്ലാം മറന്ന് കാവ്യാത്മാവിൽ അലിഞ്ഞു ചേരുന്ന അവസ്ഥയാണ് താദാത്മ്യം. ഒരു കാവ്യം വായിക്കുകയോ നാടകം കാണുകയോ ചെയ്യുമ്പോൾ സഹൃദയൻ വ്യക്തിഗതമായ സുഖദു:ഖങ്ങൾക്ക് അതീതനായി മനുഷ്യസാമാന്യത്തിൽപ്പെട്ട ഒരാളായി മാറുന്നു. അതോടെ പ്രതിപാദ്യത്തിൽ ലയിക്കുന്നു.

1.. രസാസ്വാദനം സുഗമമാകണമെങ്കിൽ എന്തു വേണം ?

2. എന്താണ് കവിത?

3.താദാത്മ്യം എന്നാലെന്ത് ?

4.സഹൃദയ ശബ്ദത്തിനർത്ഥമെന്ത്?

Scanned with OKEN Scanner

5. ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നൽകുക.

II. നിങ്ങളുടെ നാട്ടിലെ ഗതാഗത പ്രശ്നം പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വകുപ്പ് മന്ത്രിക്ക് ഒരു കത്ത് തയ്യാറാക്കുക. 1X10= 10 MARKS

## ബി- വിഭാഗം

III.വാക്യശുദ്ധി വരുത്തുക. 1X1= 1 MARK

പരീക്ഷയിൽ തോറ്റ കുട്ടിയോട് വീണ്ടും ഒരിക്കൽകൂടി എഴുതുവാൻ ടീച്ചർ പറഞ്ഞു

IV. മലയാള അക്കത്തിൽ എഴുതുക. 1X1= 1 MARK

142

V. കുറിപ്പ് എഴുതുക

a. മലയാളത്തിലെ ആദ്യത്തെ നാലു നക്ഷത്രങ്ങൾ. 1X2= 2 MARKS

b.പഞ്ചമി കഴിഞ്ഞുള്ള രണ്ടു ശുക്ലപക്ഷതിഥികൾ. 1X1 = 1MARK

## സി- വിഭാഗം.

VI. ഏതെങ്കിലും രണ്ടുചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

a. കരുണരസം ആവിഷ്കരിക്കുന്നതിൽ എഴുത്തച്ഛനുള്ള പാടവം വിവരിക്കുക.

b. കുഞ്ചൻ നമ്പ്യാരുടെ വർണ്ണനാരീതി വിവരിക്കുക.

c. കൃഷിക്കാരൻ എന്ന കഥയിലെ കേരളീയ സംസ്കൃതിയെ വിലയിരുത്തുക 2X5=10 MARKS

Scanned with OKEN Scanner